പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6208 08/07/2014-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടത്

## പി&എ.ആർ.ഡി. വർക്ക്സ്റ്റഡി വിഭാഗത്തിന്റെ റിപ്പോർട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി, എം.എൽ.എ | ശ്രീ.ഉമ്മൻചാണ്ടി മുഖ്യമന്ത്രി |
| (എ) പി&എ.ആർ.ഡി. വർക്ക്സ്റ്റഡി വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലിചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) പി&എ.ആർ.ഡിയുടെ വർക്ക്സ്റ്റഡി വിഭാഗത്തിൽ നിലവിൽ 2 അണ്ടർസെക്രട്ടറി 10 സെക്ഷൻ ഓഫീസർ, 20 അസിസ്റ്റന്റ് 3 കമ്പ്യൂട്ടർ അസിസ്റ്റന്റ് 5 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 40 പേർ ജോലി ചെയ്യുന്നു. കൂടാതെ വർക്ക്സ്റ്റഡി വിഭാഗത്തിന്റെ മേൽനോട്ടത്തിനായി ഒരു ജോയിന്റ് സെക്രട്ടറി 2 അഡീഷണൽ സെക്രട്ടറി എന്നിവർ കൂടിയുണ്ട്. ഇവർ പി&എ.ആർ.ഡിയിലെ മറ്റ് സെക്ഷനുകളിലെ ചുമതലകൾക്ക് പുറമേയാണ് വർക്ക്സ്റ്റഡി വിഭാഗത്തിന്റെ മേൽനോട്ടവും വഹിക്കുന്നത് |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത വിഭാഗം എത്ര വകുപ്പുകളിൽ വർക്ക്സ്റ്റഡി നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അത് ഏതെല്ലാം വകുപ്പുകളാണെന്നും വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെപ്പറയുന്ന 10 വകുപ്പുകളിൽ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്.<br>1. വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പ്<br>2. സഹകരണ ആർബിട്രേഷൻ കോടതി<br>3. ഭൂഗർഭജല വകുപ്പ്<br>4. ഡ്രഗ്സ് കൺട്രോൾ വകുപ്പ്<br>5. അഡ്വക്കേറ്റ് ജനറൽ ഓഫീസ്<br>6. സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പ്<br>7. സൈനിക ക്ഷേമ വകുപ്പ്<br>8. സെക്രട്ടേറിയറ്റിലെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം<br>9. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്<br>10. ടൂറിസം വകുപ്പ് (സെക്രട്ടേറിയറ്റ്) |
| (സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ? | (സി) വർക്ക്സ്റ്റഡി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളും ഭരണ വകുപ്പുകളും ആണ്. |

S. [signature]

സെക്ഷൻ ഓഫീസർ